**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2288** **09-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സ്പിൽ ഓവർ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്പിൽ ഓവർ പദ്ധതികളുടെ തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്ക് കാരി ഫോർവേർഡ് ചെയ്യുന്ന സംവിധാനം നിർത്തലാക്കിയത് മൂലം നിലനിൽക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്പിൽ ഓവർ പദ്ധതികളുടെ തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഫോർവേഡ് ചെയ്യുന്ന സംവിധാനം നിർത്തലാക്കിയിട്ടില്ല. വികസന ഫണ്ടിലെ പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും പ്രത്യേകമായി ക്യാരി ഫോർവേഡ് 20% ആയി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കാരി ഫോർവേർഡിംഗ് സംവിധാനം നടപ്പ സാമ്പത്തിക വർഷം മുതൽ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സ്പിൽ ഓവർ പദ്ധതികളുടെ തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഫോർവേഡ് ചെയ്യുന്ന സംവിധാനം നിർത്തലാക്കിയിട്ടില്ല. വികസന ഫണ്ടിലെ പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും പ്രത്യേകമായി ക്യാരി ഫോർവേഡ് 20% ആയി നിജപ്പെടുത്തിയിട്ടുണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ മുൻ വർഷങ്ങളിലേത് പോലെ 2022-23 സാമ്പത്തിക വർഷം 10 ശതമാനം വർദ്ധന വരുത്തിയിട്ടുണ്ടോ; 2023-24 സാമ്പത്തിക വർഷം വർദ്ധനവ് വരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത ശതമാനം വികസന ഫണ്ടായി വകയിരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിന്റെ വിഹിതം നിർണ്ണയിക്കുമ്പോൾ നിലവിലെ സംവിധാനത്തിൽ 1% വർദ്ധനവ് നൽകി സംസ്ഥാന അടങ്കലിന്റെ 26% വികസന ഫണ്ട് ആയി നൽകുന്നതിനും തുടർന്നുള്ള വർഷങ്ങളിൽ 0.5% വീതം വർധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 2022-23ൽ ഇത് 26.5% വും 2023-24 സാമ്പത്തിക വർഷം 27.19% വും ആണ്. |

സെക്ഷൻ ഓഫീസർ